നമ്പർ 85/2010

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹവികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളികൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,

2010 ഫെബ്രുവരി 17-ാം തീയതി ശാസ്താംകോട്ടയിൽ സമ്മേളിച്ച മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത ഫാ. ഡോ. ജോൺ മാത്യൂസ്, റവ. നഥനയേൽ റമ്പാൻ, ഫാ. വി. എം. ജെയിംസ്, റവ. യൂഹാനോൻ റമ്പാൻ, ഫാ. ഡോ. സാബു കുറിയാക്കോസ്, ഫാ. ഡോ. ജോർജ് പുലിക്കോട്ടിൽ, ഫാ. വി. എം. ഏബ്രഹാം എന്നിവരുടെ തെരഞ്ഞെടുപ്പ് 2010 ഫെബ്രുവരി മാസം 18-ാം തീയതി മുതൽ 26 -ാം തീയതി വരെ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം നാം നിങ്ങളെ അറിയിക്കുന്നു. മേൽപ്പട്ട സ്ഥാനാഭിഷേകം 2010 മെയ് മാസം 12 -ാം തീയതി ബുധനാഴ്ച കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. അതിനു മുമ്പായി റമ്പാൻ സ്ഥാനം ഏൽക്കുവാനുള്ള അഞ്ചുപേർക്ക്, ആ സ്ഥാനം നൽകുന്ന ശുശ്രൂഷ 2010 മാർച്ച് 21-ാം തീയതി ഞായറാഴ്ച പരുമല പള്ളിയിൽ വച്ച് നിർവ്വഹിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

പരിപാവനമായ ഈ സ്ഥാനങ്ങളിലേക്കുള്ള അഭിഷേകം ഏറ്റം അനുഗ്രഹകരമായി തീരുന്നതിന് നിങ്ങളേവരും ഇനിയുള്ള ദിവസങ്ങളിൽ മുട്ടിപ്പായി ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരിക്കണം എന്ന് നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

2010 മാർച്ച് മാസം 05-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.